# OFFICE OF THE COCHIN DEVASWOM BOARD
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin@cochindevaswomboard.org


No. A9. 2050/2020

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്,

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 കൂടിയ കാലയളവിൽ ക്ഷേത്രത്തിൽ വഴിപാടായി ലഭിക്കുന്ന ആടുകൾ അതാത് ദിവസം തൂക്കം എടുക്കുന്നതിനുള്ള അവകാശം 2020 ൽ മാർച്ച് മാസം 10 ന 3 പി.എം. ന സീൽഡ് ടെണ്ടർ സ്വീകരിച്ച് അവകാശം ഏൽപ്പിക്കുന്നതിന തീരുമാനിച്ചിരിക്കുന്നു. ആടുകൾ കിലോ.ഗ്രാം 1 ക്ക് എന്ത് വിലയ്ക്ക് എടുക്കാമെന്നുള്ളതിന ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.

ടെണ്ടറുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യമായി പേർ 1 ക്ക് 50,000/- കയുടെ DD സഹിതം സ്പെഷ്യൽ ദേവസ്വം കമ്മീഷണർ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ (തൃശ്ശൂരിൽ മാറാവുന്നത്) 2020 മാർച്ച് 10 തിയ്യതി വൈകീട്ട് 2 പി.എം വരെ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ രജിസ്റ്റേർഡ് തപാൽ വഴിയോ, നേരിട്ടോ മാത്രം സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. പ്രത്യേക ഗവൺമെന്റ് ഉത്തരവു പ്രകാരം നിരതദ്രവ്യം സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ നിരതദ്രവ്യം വെക്കേണ്ടതില്ല. ആയതിന്റെ രേഖ ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

ആടുകൾ കിലോഗ്രാം 1 ക്ക് എത്ര രൂപക്ക് എടുക്കാമെന്നുള്ളതിന വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള സീൽഡ് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ കവറിനു മുകളിൽ **ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ ആട് ടെണ്ടർ (2020-2021)** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ടെണ്ടർ 2020 മാർച്ച് 10-ാം തിയ്യതി 3.00 മണിക്ക് ശേഷം ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തൃശ്ശൂർ ബോർഡോഫീസിൽ വെച്ച് തുറന്ന് പരിശോധിക്കുന്നതാണ്. ലേലക്കാരൻ അതാത് ദിവസം വരുന്ന ആടുകളെ അന്നേ ദിവസംതന്നെ വൈകുന്നേരത്തിനുള്ളിൽ, ഒന്നിച്ചോ പലപ്പോഴായോ തൂക്കം വാങ്ങേണ്ടതും, ആയതിന്റെ വില കണക്കാക്കി തൽസമയം തന്നെ ദേവസ്വത്തിൽ അടക്കേണ്ടതുമാണ്. നിരതദ്രവ്യം ഡി ഡി സമർപ്പിക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.

ലേലക്കരൻ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ വരുത്തുന്ന പക്ഷം ടിയാന്റെ നിരതദ്രവ്യം സംഖ്യ പിഴയായി ദേവസ്വത്തിലേക്ക് മുതൽകൂട്ടുന്നതും ശേഷം ആടുകളെ യുക്തമെന്ന് തോന്നുന്ന വിധം വിറ്റഴിക്കുന്നതുമാണ്. ടെണ്ടർ വകുപ്പിന ഗുണകരമല്ലെന്നു കാണ്ടാൽ വേണ്ടെന്നു വെക്കുന്നതിനോ, യുക്തമെന്ന് തോന്നുന്ന മറ്റുനടപടികൾ സ്വീകരുക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

നിരതദ്രവ്യം സംഖ്യ ഏൽപ്പനക്കാലമായ 2021 മാർച്ച് 31 ന ശേഷം ടിയാന്റെ പേരിൽ ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല എന്ന് ഉറപ്പു വരുത്തിയ ശേഷം തിരികെ നൽകുന്നതാണ്.

ടെണ്ടർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ക്ഷേത്രത്തിൽ നിന്നും ആടുകളെ അതാതു ദിവസം സ്വന്തം ഉത്തരവാദിത്വത്തിൽ ഏറ്റെടുത്ത് ദേവസ്വം ഉദ്യോഗസ്ഥനെ തൂക്കം ബോദ്ധ്യപ്പെടുത്തി കൊണ്ടുപോകേണ്ടതും, അതാതു ദിവസത്തെ ടെണ്ടർ നിരക്ക് പ്രകാരമുള്ള സംഖ്യ ദേവസ്വത്തിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതുമാണ്. സംഖ്യ കൃത്യ സമയത്തിന് അടക്കുന്നത് വീഴ്ച വരുത്തിയാൽ ക്രമപ്രകാരം 20% പലിശ സഹിതം കുടിശ്ശിക അടക്കേണ്ടതാണ്.

ടെണ്ടർക്കാരൻ ദേവസ്വത്തിലേക്ക് നഷ്ടം വരുത്തുന്ന രീതിയിൽ എന്തെങ്കിലും പ്രവർത്തിക്കുകയോ മറ്റോ ചെയ്താൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും അതിൽ വെച്ച് ലാഭം ഉണ്ടായാൽ ടിയാന് അവകാശമില്ലാത്തതും, നഷ്ടമുണ്ടായാൽ ടിയാനിൽ നിന്ന് നിയമാനുസൃത നടപടികളിലൂടെ നഷ്ടം വസൂൽ ചെയ്യുന്നതുമാകുന്നു.

ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനോ, വകുപ്പിന് ഗുണകരമാകും വിധം ടി അവകാശം മറ്റൊരാളെ ഏൽപ്പിക്കുന്നതിനോ, മറ്റ് യുക്തമെന്ന് തോന്നുന്ന തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. അഹിന്ദുക്കളെ ലേലത്തിൽ പങ്കു ചേരുവാൻ അനുവദിക്കുന്നതല്ല.

ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലക്കാരന്റെ ചിലവിൽ നിയമാനുസൃതമായ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്നും നിശ്ചയിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു കച്ചീട്ട് ദേവസ്വം മാനേജർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

ഈ ലേലത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ www.cochindevaswomboard.org എന്ന വെബ്സൈറ്റിലോ, തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, ശ്രീദേവസ്വം ഓഫീസ്, ബോർഡ് ഓഫീസ് എന്നീ സ്ഥലങ്ങളിൽ പ്രവൃത്തി സമയങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്
സ്പെഷ്യൽ ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്

തൃശൂർ
29/02/2020